# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1909    14.07.2011-ൽ മറുപടിയ്ക്ക്

## നീലേശ്വരം പാലായിവളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

| | |
|---|---|
| തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം പാലായിവളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | ഹോസ്ദുർഗ്ഗ് താലൂക്കിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായിവളവ് എന്ന സ്ഥലത്ത് നിർദ്ദിഷ്ട റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്. അതിന്റെ ഭാഗമായി ബോറിംഗ് പ്രവൃത്തി 01.06.2011-ന് L.B.S. മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിന് L.B.S.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിന് ശേഷം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ